പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 45 06-03-2012 ന് മറുപടിയ്ക്ക്

നാട്ടാനകളുടെ സുരക്ഷയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :

എ) നാട്ടാനകളുടെ സുരക്ഷയ്ക്കായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ.
(വനവും സ്പോർട്സും സിനിമയും
വകുപ്പ് മന്ത്രി )

എ) ഉണ്ട്. കേരള നാട്ടാന (കാര്യകർത്തൃത്വവും പരിപാലനവും) ചട്ടങ്ങൾ 2003-പ്രകാരവും 21-01-2012 ലെ സർക്കാർ ഉത്തരവ് നം. 03/2012/വനം പ്രകാരവും പുറപ്പെടുവിച്ച, നാട്ടാനകളെ എഴുന്നെള്ളിക്കുമ്പോൾ പാലിക്കേണ്ട ക്രോഡീകരിച്ച നിബന്ധനകളുമാണ് നാട്ടാനകളുടെ സുരക്ഷയ്ക്കായി ഇപ്പോൾ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ. പ്രധാനപ്പെട്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. കളക്ടർ ചെയർമാനായ ഒരു ജില്ലാതല കമ്മിറ്റി ഉത്സവകാലത്തിനു മുമ്പായി യോഗം ചേർന്ന് ആനയെ പീഢിപ്പിക്കുന്നത് തടയുന്നതിനായി നടപടി കൈക്കൊള്ളാൻ നിഷ്കർഷിച്ചിട്ടുണ്ട്.
2. ആനയെ എഴുന്നെള്ളിക്കുന്നതിനുള്ള സമയം, എഴുന്നെള്ളിപ്പ് സമയത്ത് പാലിക്കേണ്ട നിബന്ധനകൾ, എഴുന്നെള്ളിപ്പിനോടനുബന്ധിച്ച് ഉത്സവ കമ്മിറ്റി എടുക്കേണ്ട മുൻ കരുതലുകൾ എന്നിവ പ്രത്യേകമായി മാർഗ്ഗ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. ആനയുടെ ആരോഗ്യം, പരിപാലനം, ആന പാപ്പാൻമാർക്കുള്ള ഇൻഷ്വറൻസ്, ആനയെ വരുതിയിൽ നിർത്തുവാൻ ഉപയോഗിക്കേണ്ട സാധന സാമഗ്രികളെ കുറിച്ചുള്ള വിവരണം എന്നിവ ആന ഉടമസ്ഥർക്കുള്ള നിർദ്ദേശമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. ആനയ്ക്ക് നൽ കേണ്ട ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ രൂപത്തെക്കുറിച്ചും ആനയെ വാഹനത്തിൽ കയറ്റിക്കൊണ്ടു പോകുന്നതിനു മുമ്പായി നൽ കേണ്ട ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനെക്കുറിച്ചും വെറ്റിനറി ഡോക്ടർമാർക്കായുള്ള നിർ ദ്ദേശമാക്കി ഉൾ ക്കൊള്ളിച്ചിട്ടുണ്ട്.
5. ആനയെ വാഹനത്തിൽ കൊണ്ടു പോകുമ്പോൾ ആയതിനുപയോഗിക്കുന്ന വാഹനത്തിന്റെ വലിപ്പത്തെക്കുറിച്ചും, സഞ്ചാര വേളയിൽ ആനയ്ക്ക് ഭക്ഷണവും, വിശ്രമവും ഉറപ്പു വരുത്തുന്നതിനെ കുറിച്ചും മാർഗ്ഗ നിർ ദ്ദേശത്തിൽ വിവരിച്ചിട്ടുണ്ട്.
6. ആനയെ പാപ്പാൻമാർ ലോഹച്ചുറ്റുള്ള (നട്ട്) വടി ഉപയോഗിച്ച് തല്ലുവാനോ ആണി, സൂചി പോലുള്ളവ ഘടിപ്പിച്ച വടികൾ, കോലുകൾ എന്നിവ ഉപയോഗിച്ച് പീഢിപ്പിക്കുവാനോ, കുത്തിപ്പൊക്കി ആനയുടെ തല ഉയർത്തി നിർത്തുവാനോ, പാപ്പാൻമാർ മദ്യപിച്ചു കൊണ്ട് ആനകളെ കൊണ്ടു പോകാനോ പാടില്ല എന്നും മാർഗ്ഗ നിർ ദ്ദേശത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു കൂടാതെ ഓരോ ആനയുടേയും വിശദമായ വിവരങ്ങളും ആരോഗ്യ പരിപാലന കാര്യ ങ്ങളും രേഖപ്പെടുത്തുന്ന ഒരു Elephant Data ബുക്ക് ഓരോ ഉടമസ്ഥനും ഓരോ ആനയ്ക്കും വേണ്ടി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ നിഷ്കർഷ ചെയ്യുന്നുണ്ട്.

| | |
|---|---|
| ബി) ആന വിരണ്ടോടുന്നതും, ഇടയുന്നതും പതിവായിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ | ബി) ആന ഇടയുന്ന സന്ദർഭങ്ങൾ ഒട്ടുമിക്കതും എഴുന്നെള്ളിപ്പുമായി ബന്ധപ്പെട്ടാണ് ഉണ്ടാകുന്നത് എന്നതിനാൽ ക്രോഡീകരിച്ച മാർഗ്ഗ നിർ ദ്ദേശത്തിൽ എഴുന്നെള്ളിപ്പ് സമയത്ത് ആനയെ പ്രകോപിപ്പിക്കാതിരിക്കാനുള്ള നിർ ദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉത്സവ കമ്മിറ്റിക്കാർ, ആന ഉടമസ്ഥർ, വെറ്റിനറി ഡോക്ടർമാർ, പാപ്പാന്മാർ, വനം, പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ |

| | |
|---|---|
| സ്വീകരിക്കാനാണ് തീരുമാനി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എന്നിവർ എടുക്കേണ്ട മുൻ കരുതലുകളും നടപടികളും നിർ ദ്ദേശമായി നല്കിയിട്ടുണ്ട്. കൂടാതെ അഞ്ചിൽ കൂടുതൽ ആനകളെ എഴുന്നെള്ളിക്കുമ്പോൾ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് നിർബന്ധമായും ഉത്സവ കമ്മിറ്റി എടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) കഴിഞ്ഞ രണ്ട് വർഷത്തി നിടയിൽ ആനകൾ ഇടഞ്ഞതു മുഖേന എത്ര പേർ കൊല്ലപ്പെട്ടു ; എത്ര പേർക്ക് പരിക്കു പറ്റി ; | സി) ഈ വിവരങ്ങൾ വനം വകുപ്പ് ക്രോഡീകരിച്ചിട്ടില്ല. |
| ഡി) കൊല്ലപ്പെട്ടവരുടെ കുടുംബത്തിനും, പരിക്കു പറ്റിയവർക്കും എന്തെല്ലാം സഹായങ്ങൾ നൽകിയെന്നു വെളിപ്പെടുത്തുമോ ? | ഡി) വനം വകുപ്പ് സഹായങ്ങളൊന്നും നല്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ